# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1622 — 06.03.2017 ലെ മറുപടിക്ക്

## പാറ്റൂരിലെ അനധികൃത ഫ്ലാറ്റ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് : | ശ്രീ.കെ.റ്റി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം പാറ്റൂരിൽ എല്ലാ മാനദണ്ഡങ്ങളും തെറ്റിച്ച് സർക്കാർ ഭൂമി കയ്യേറി ഒരു ഫ്ലാറ്റ് നിർമ്മാതാവ് അനധികൃതമായി വലിയ ഫ്ലാറ്റ് സമുച്ചയം പണിത് ഉയർത്തിയിരിക്കുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; കക്ഷിക്ക് (റ്റി.എസ്.അശോക്) 15.07.2014 തീയതി വെച്ച് show cause notice (Section 16 of KMBR) നൽകിയിട്ടുണ്ട്. ടിയാന്റെ പേരിൽ 02.11.2014 തീയതി വച്ച് Squad Memo നഗരസഭ നൽകിയിട്ടുണ്ട്. സർവ്വെ സ്കെച്ചിന്റെ authenticity പരിശോധിക്കുന്നതിന് താലൂക്ക് സർവ്വെയർക്ക് 04.05.2015 തീയതി വച്ച് നഗരസഭ കത്ത് അയച്ചിട്ടുണ്ട്. കക്ഷി പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷിച്ചപ്പോൾ അപേക്ഷകന്റെ ഉടമസ്ഥതയിലും കരം അടവിലുള്ള സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും റവന്യൂ അധികാരിയിൽ നിന്നുമുള്ള കരം അടവിലുമുള്ള വസ്തുവിന്റെ സർവ്വെ സ്കെച്ചും, ചീഫ് ടൗൺ പ്ലാനറുടെ ലേഔട്ട് അപ്രൂവലും environment clearance ഉം സൈറ്റ് പ്ലാനിൽ പൂർണമായ അതിർത്തി അളവുകൾ രേഖപ്പെടുത്തുന്നതിനും, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 15 എ(7) പ്രകാരം അപേക്ഷയോടൊപ്പം അംഗീകൃത പ്ലാനും പെർമിറ്റും ഹാജരാക്കുന്നതിനും, തുടർന്ന് പെർമിറ്റ് പുതുക്കി ലഭിച്ചതിനുശേഷം മാത്രമേ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളുവെന്നും, കക്ഷിയെ 28.02.2015 തീയതി വച്ച് നഗരസഭ അറിയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫ്ലാറ്റ് നിർമ്മാണത്തിന് തിരുവനന്തപുരം നഗരസഭ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പെർമിറ്റ് കോപ്പി ലഭ്യമാക്കുമോ; | (ബി) റിവൈസ്ഡ് പെർമിറ്റ് കോടതി വിധി അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |

(തുടർച്ച.......2)

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഫ്ലാറ്റിന്റെ പണി പൂർത്തിയാക്കി കോർപ്പറേഷൻ കെട്ടിട നമ്പർ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇല്ല; കെട്ടിട നമ്പർ നൽകുന്നതിന് ബഹു.ഹൈക്കോടതിയുടെ ഉത്തരവ് WP(C)663/17 dated 23.01.2017 പ്രകാരം ലഭിച്ചിട്ടുണ്ട്. ടി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് നഗരസഭ ഹൈക്കോടതി സ്റ്റാന്റിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത ഫ്ലാറ്റിന്റെ നിർമ്മാതാവി നെതിരെ തിരുവനന്തപുരം കോർപ്പറേഷ നിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ പ്രാവശ്യവും നൽകിയ സ്റ്റോപ്പ് മെമ്മോകളുടെ കോപ്പി ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്; പകർപ്പുകൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (ഇ) | സർക്കാരും ഫ്ലാറ്റ് ഉടമയും തമ്മിൽ എത്ര കോടതി കേസുകൾ നിലവിലുണ്ട്; പ്രസ്തുത കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) | ബഹു.ഹൈക്കോടതിയിൽ WP(C)No.663 of 2017(4) നമ്പരായും, ബഹു.ലോകായുക്തയിൽ 964/2014-ാം നമ്പരായും കേസ് നിലവിൽ ഉള്ളതാണ്. 23.01.2017 ലെ WP(C)No.663 of 2017(4) നമ്പർ ഉത്തരവിൽ രണ്ടാഴ്ചക്കകം കെട്ടിട നമ്പർ നൽകുന്നതിന് വിധിയായതിന്മേൽ നഗരസഭാ സ്റ്റാന്റിംഗ് കൗൺസെൽ അഡ്വക്കേറ്റിനോട് ടി വിധിക്കെതിരെ അപ്പീലിന് പോകുന്നതിനുള്ള നിയമോപദേശവും Statement of Facts ഉം ടി അഡ്വക്കേറ്റിന് 20.02.2017 തീയതി വച്ച് അയച്ച് നൽകിയിട്ടുണ്ട്. കൂടാതെ കെട്ടിട നമ്പർ ലഭിക്കുന്നതിനായി ശ്രീ.രാജേന്ദ്രൻ ഫയൽ ചെയ്ത WP(C)22570/15 നമ്പർ കേസും, കെട്ടിട നിർമ്മാണ അനുമതി പുതുക്കി നൽകണം എന്നു കാണിച്ച WP(C)24838/15 നമ്പർ കേസും ബഹു.ഹൈക്കോടതിയിൽ തീർപ്പാക്കിയിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**